മിസ്റ്റർ കെ. കൊച്ചുകുട്ടൻ. കുട്ടിക്കു് നേരിട്ടു് അയക്കുകയോ, അതോ കോളേജു് അധികൃതന്മാർ വഴി അയച്ചുകൊടുക്കുകയോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നേരിട്ടു് അയക്കുകയാണെന്നാണു് എന്റെ ഓർമ്മ.

RESIDENTS EVICTED FROM HOUSES SITUATED ON THE VYPEEN-PALLIPURAM ROAD AT AZHIKKAL

97. (72) Mr. M. I. Paul *(Elamkunnapuzha)*: Will Government be pleased to state.—

How many houses have been removed by the construction of the Vypeen-Pallipuram Road at Azhikkal and what all measures have been taken to provide sites for those people evicted thereby?

Mr. K. Ayyappan *(Minister for Works and Revenue)*:

97 houses. Action is in progress for the provision of house sites to those rendered homeless by acquisition in the sandy accretions of Elankunnapuzha village.

മിസ്റ്റർ എം. ഐ. പോൾ: പുറമ്പോക്കു സ്ഥലം ഉള്ളതു കൊടുക്കുവാനാണോ ഉദ്ദേശിക്കുന്നതു്?

മിസ്റ്റർ കെ. അയ്യപ്പൻ: അവിടെയല്ലാതെ സൌകര്യമില്ല.

മിസ്റ്റർ എം. ഐ. പോൾ: ൯൭ കുട്ടികൾക്കും താമസിക്കത്തക്ക സൌകര്യം അവിടെ ഉണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: എളങ്കുന്നപ്പുഴയിൽ അവർക്കു് പോകുവാൻ സൌകര്യമുണ്ടാകുമോ എന്നറിഞ്ഞുകൂടാ. വേറെ എന്തെങ്കിലും ചെയ്യണമെന്നുണ്ടെങ്കിൽ ഗവൺമെണ്ടിനു് ബുദ്ധിമുട്ടുണ്ടു് എന്നുള്ളകാര്യം ബഹുമാനപ്പെട്ടസഭയെഅറിയിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി.കെ. ഡീവർ: സൌകര്യമുള്ള സ്ഥലങ്ങൾ acquire ചെയ്തു കൊടുക്കുകയോ അല്ലെങ്കിൽ നികത്തിയെടുക്കാൻ സൌകര്യമുള്ള സ്ഥലം എടുത്തു കൊടുക്കുകയോ ചെയ്യാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: Acquire ചെയ്യുന്നതു് അത്ര എളുപ്പമുള്ള കാര്യമല്ല. സ്ഥലം പേക്ഷണമെങ്കിൽ അതു് സാധിക്കും. വളരെ ആളുകൾ ഉള്ളതുകൊണ്ടു് acquire ചെയ്യുകയാണെങ്കിൽ വലിയ സംഖ്യ വേണ്ടിവരും. ഇപ്പോൾതന്നെ വാലാ കോളനിക്കുവേണ്ടി ഒരു വലിയ സംഖ്യ അയിട്ടുണ്ടു്. ഇതൊക്കെ സാവകാശം ചെയ്യുവാനെ സാധിക്കുകയുള്ളൂ.

മിസ്റ്റർ പി. കെ. ഡീവർ: അതിലേക്കു് കുറെ പണം invest ചെയ്താൽ മടക്കി കിട്ടുന്നതല്ലെ?

മിസ്റ്റർ കെ. അയ്യപ്പൻ: Invest ചെയ്യുന്നതിനു തല്ക്കാലം സംഖ്യ വേണ്ടേ?

മിസ്റ്റർ പി. കെ. ഡീവർ: ഒരു investment എന്ന നിലയിൽ ഇതു കൊടുക്കുവാൻ പാടില്ലെ? ഗവൺമെണ്ടിനു് invest ചെയ്യുന്ന പണത്തിനു് ആദായവും കിട്ടുമല്ലൊ.

മിസ്റ്റർ കെ. അയ്യപ്പൻ: വളരെ നല്ല പദ്ധതികളാണെങ്കിലും അതിൽ പണം invest ചെയ്യുവാനുള്ള ബുദ്ധിമുട്ടാണു് ഗവൺമെണ്ടിനുള്ളതു്.

മിസ്റ്റർ എം. ഐ. പോൾ: തൽക്കാലം കുറെ സ്ഥലമെങ്കിലും എടുക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: സ്ഥലം acquire ചെയ്യുന്നതിനു് പണം ധാരാളം വേണം. ഗവൺമെണ്ടിനു് ബുദ്ധിമുട്ടില്ലാത്ത ഒരു പദ്ധതി ആലോചനയിൽ ഇരിക്കുന്നുണ്ടു്. വരുന്ന നിയമസഭയിൽതന്നെ ഇതിനൊരു നിയമനിർമ്മാണം ഉണ്ടാക്കാൻ നോക്കാം. അതു വരുമ്പോൾ ഇവർക്കും ജന്മികൾക്കും ഉപദ്രവം വരാത്തമാതിരി ഇതിനൊക്കെ ഒരു പരിഹാരം ഉണ്ടാക്കാൻ സാധിക്കും.

DISEASE IN COCOANUT TREES—STEPS TAKEN

99. (173) Mr. P. K. Krishnankutty Menon *(Vellarapilli)*: Will Government be pleased to state.—

(*a*) whether they are aware of the prevalence on a large scale of disease affecting the cocoanut trees in the Cochin-Kanayannur Taluk;

(*b*) whether any steps have been taken by our Government to prevent such diseases in this State, and if so, what are they?

Mr. E. Ikkanda Warriar *(Prime Minister)*:

(*a*) Yes.

(*b*) Yes. Manuring and application of lime to the soil and spraying the crowns of trees with Bordeaux mixture are the measures advocated by the Department in controlling the

LIBRARY ARCHIVES Kerala Legislative Assembly